"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ ഫോട്ടോഗ്രാഫർ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. അരുൺ എം. ആർ - ന്റെ സേവനകാലാവധി 179 ദിവസത്തേയ്ക്ക് മാത്രമായി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി ( ഇ ബി )വകുപ്പ്

സ.ഉ.(സാധാ) നം.297/2026/AGRI തീയതി, തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1) 26/02/2016 ലെ സ.ഉ(പി) നം.28/2016/ധന.,നമ്പർ സർക്കാർ ഉത്തരവ്

2) 28/04/2017 ലെ സ.ഉ(പി)നം.56/2017/ധന നമ്പർ സർക്കാർ ഉത്തരവ്

3) 21/07/2018 ലെ സ.ഉ.(പി) നം. 112/2018/ധന നമ്പർ സർക്കാർ ഉത്തരവ്

4) 09/07/2019-ലെ സ.ഉ(പി) 81/2019/ധന നമ്പർ സർക്കാർ ഉത്തരവ്

5) 11/02/2021- ലെ സ.ഉ(പി.) നം.29/2021/ധന. നമ്പർ സർക്കാർ ഉത്തരവ്

6) 22-07-2022-ലെ 61/2022/ധന. നമ്പർ പരിപത്രം

7) 19/04/2025-ലെ സ.ഉ(പി) 54/2025/ധന നമ്പർ സർക്കാർ ഉത്തരവ്

8) 23/10/2025-ലെ സ.ഉ.(സാധാ) നം 1007/2025/Agri നമ്പർ സർക്കാർ ഉത്തരവ്

9) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27/01/2026 തീയതിയിലെ ADFW/7407/2024-TV1 നമ്പർ കത്ത്

<u>ഉത്തരവ്</u>

തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ഫോട്ടോഗ്രാഫർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ. അരുൺ എം. ആർ -ന്റെ സേവന കാലാവധി 19.06.2025 -നു ശേഷം ഒരു ദിവസത്തെ ഇടവേള കഴിഞ്ഞു 21.06.2025 മുതൽ 179 ദിവസത്തേക്ക് മാത്രമായി ദീർഘിപ്പിച്ച് നല്കുന്നതിന് പരാമർശം(8) പ്രകാരം അനുമതി നൽകിയിരുന്നു. 16/12/2025- ന് സേവനകാലാവധി അവസാനിച്ചതിനാൽ, 179 ദിവസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കുന്നതിന് അനുമതി നല്കണമെന്ന് അഭ്യർത്ഥിച്ച് കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (9) പ്രകാരം പ്രൊപോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ ഫോട്ടോഗ്രാഫർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. അരുൺ എം. ആർ - ന്റെ സേവന കാലാവധി ദിവസ വേതന/കരാർ ജീവനക്കാരുടെ സേവന -വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ധനകാര്യ (വ്യയം -സി)

വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1), (2), (3), (4), (5), (6), (7) എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടും "സ്ഥിര നിയമന വാദം ഉന്നയിക്കില്ല" എന്ന സത്യവാങ്മൂലം ബന്ധപ്പെട്ട നിയമന അധികാരി വാങ്ങേണ്ടതാണെന്നുമുള്ള വ്യവസ്ഥയിന്മേലും വേതനം നല്കുന്നതിനായി ഫണ്ട് ലഭ്യത ഉറപ്പ് വരുത്തിയും കാലാവധി അവസാനിക്കുന്ന തീയതിയുടെ തൊട്ടടുത്ത ഒരു പ്രവർത്തി ദിവസത്തെ ഇടവേള നല്കി അടുത്ത പ്രവർത്തി ദിവസം മുതൽ 179 ദിവസത്തേക്ക് മാത്രമായി താല്ക്കാലിക തസ്തികയിൽ നിയമനം നൽകുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) അതോടൊപ്പം ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ താല്കാലികമായി ഫോട്ടോഗ്രാഫറുടെ സേവനം വീണ്ടും ആവശ്യമുള്ള പക്ഷം നിലവിൽ അനുവദിക്കുന്ന 179 ദിവസത്തെ കാലാവധി പൂർത്തിയാകുന്നതിന് രണ്ട് മാസം മുമ്പായി തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കേണ്ടതും ധനകാര്യ (വ്യയം-സി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മേൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലും 24.03.2019 ലെ ലേബർ വകുപ്പിന്റെ സർക്കുലറിന്റെ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് വഴി ഇന്റർവ്യൂ നടത്തി യോഗ്യതയുള്ള പുതിയ ഉദ്യോഗാർഥിയെ കണ്ടെത്തേണ്ടതും അതിനായി കാലാവധി അവസാനിക്കുന്നതിനു മുമ്പായി തന്നെ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങുന്നതിനായി ശിപാർശ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ധനകാര്യ (അഗ്രി -എ) വകുപ്പിന്റെ 09/03/2026തീയതിയിലെ 3434547/Agri-A2/42/2026-FIN നമ്പർ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ